# മൗലിദ് ഒരു വിശകലനം

## ﴿ المورد في الكلام على عمل المولد ﴾

[ Malayalam മലയാളം مليالم]

ഇമാം അല്‍ ഫാകിഹാനി

عمر بن علي الفاكهاني

പരിഭാഷ: മുഹമ്മദ് കബീര്‍ സലഫി

ترجمة: محمد كبير


കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്
റബ്‌വ - റിയാദ് - സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة

الرياض-المملكة العربية السعودية

islamhouse.com

1431 - 2010

بسم الله الرحمن الرحيم

പ്രവാചക ശ്രേഷ്ഠനെ അനുധാവനം ചെയ്യാൻ ഞങ്ങൾക്ക് മാർഗം കാണിച്ച, വിശുദ്ധ ഇസ്‌ലാമിന് സേവനങ്ങളർപ്പിച്ചു കൊണ്ട് നിലകൊള്ളാൻ ഞങ്ങൾക്ക് സ്ഥൈര്യം നൽകിയ, സലഫു സ്സ്വാലിഹുകളുടെ കാൽപാടുകളെ പിൻപറ്റുന്നതിന് ഞങ്ങൾക്ക് സൗകര്യമേകിയ, അതുവഴി മതവിജ്ഞാനത്തിന്റേയും, സുവ്യക്തമായ സത്യത്തിന്റേയും പ്രകാശം കൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളെ സമ്പുഷ്ടമാക്കിയ, മതത്തിൽ ബിദ്‌ത്തുകളുണ്ടാക്കുന്നതിൽ നിന്നും നൂതനാചാരങ്ങളിൽ നിന്നും ഞങ്ങളുടെ അകത്തളങ്ങളെ ശുദ്ധീകരിച്ച അല്ലാഹുവിന്നാകുന്നു അഖില സ്തുതികളും.

ദൃഢമായ വിജ്ഞാനത്തിന്റെ തെളിച്ചം കൊണ്ട് എന്നെ അനുഗ്രഹിച്ച റബ്ബിനെ ഞാൻ സ്തുതിക്കുന്നു. വിശുദ്ധ ഖുർആനാകുന്ന ബലവത്തായ പാശം മുറുകെപ്പിടിക്കാൻ അവസരം തന്ന അല്ലാഹുവിന്ന് നന്ദിപറയുന്നു. അല്ലാഹു വല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ്(സ്വ) അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ആദ്യന്ത സമൂഹങ്ങളുടെ നേതാവാണ് അവിടുന്ന്. തിരുമേനി(സ്വ)യിലും, കുടുംബത്തിലും, അനുചരന്മാരിലും, വിശ്വാസികളുടെ മാതാക്കളായ പവിത്ര പത്‌നിമാരിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അന്ത്യനാൾവരെ ഉണ്ടാകട്ടെ.

റബീഉൽ അവ്വൽ മാസത്തിൽ ചിലർ നടത്തിവരാറുള്ള നബിജന്മദിനാഘോഷത്തെ സംബന്ധിച്ചുള്ള ചോദ്യം പലരിൽ നിന്നും നിരന്തരമായി ലഭിച്ചു കൊണ്ടിരിക്കുന്നു. 'ഈ ആചാരത്തിന് ഇസ്‌ലാമിക ശരീഅത്തിൽ വല്ല അടിസ്ഥാനവുമുണ്ടോ? അതൊ, അത് ദീനിൽ പുതുതായി സംഭവിച്ച ബിദ്അത്താണൊ?' എന്നീ ചോദ്യങ്ങൾക്ക് കൃത്യവും വ്യക്തവുമായ ഉത്തരമാണ് അവർക്ക് ലഭിക്കേണ്ടത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്ക് പറയാനുള്ളത്; വിശുദ്ധ ഖുർആനിലൊ പ്രവാചക സുന്നത്തിലൊ ഈ മൗലിദാഘോഷത്തിന് യാതൊരു അടിസ്ഥാനവും ഞാൻ അറിഞ്ഞിട്ടില്ല എന്നതാണ്. പൂർവ്വസൂരികളുടെ കാൽപാടുകൾ കൃത്യമായി പിന്തുടർന്ന, ദീനിന്റെ മാതൃകകളായി സ്വീകരിക്കാവുന്ന സമുദായത്തിലെ പണ്ഡിതശ്രേഷ്ഠരിൽ ഒരാളിൽ നിന്നുപോലും ഈ ആചാരം ഉദ്ധരിക്കപ്പെട്ടിട്ടില്ല. അലസൻമാരും ഇച്ഛാഭരിതരുമായ ചിലരുണ്ടാക്കിയ ബിദ്അത്താണിത്. തീറ്റക്കൊതിയൻമാരാണ്

ഇതിന്റെ ഉപയോക്താക്കൾ. ശരീഅത്തിലെ അടിസ്ഥാന നിയമങ്ങൾ അഞ്ചെണ്ണമാണ്: വാജിബ്, മൻദൂബ്, മുബാഹ്, മക്റൂഹ് , ഹറാം.

ഈ മൗലിദാഘോഷം വാജിബ് (നിർബന്ധം) അല്ലെന്ന് നമുക്ക് ഖണ്ഡിതമായി പറയാനാകും. ഇത് മൻദൂബ് പോലും അല്ലെന്നതാണ് വാസ്തവം. കാരണം മൻദൂബ് എന്നാൽ ഇസ്‌ലാമിക ശരീഅത്ത് ചെയ്യാൻ ആവശ്യപ്പെടുന്ന കാര്യമാണ്. അത് ഉപേക്ഷിക്കുന്നത് കൊണ്ട് ആക്ഷേപവുമില്ല. എന്നാൽ മൗലിദാഘോഷത്തിന്റെ കാര്യത്തിൽ ഇസ്‌ലാമിക ശരീഅത്തിൽ ഇങ്ങനെ യാതൊരു അനുവാദവും നൽകപ്പെട്ടിട്ടില്ല. സ്വാഹാബികളാരും ഇത് നിർവഹിച്ചിട്ടുമില്ല. അറിഞ്ഞേടത്തോളം, താബിഉകളൊ, മറ്റു മതനിഷ്ഠരായ ഉലമാക്കളൊ ഇങ്ങനെയൊരാചാരം അനുഷ്ഠിച്ചിട്ടുപോലുമില്ല. അല്ലാഹുവിന്റെ മുമ്പിലും എനിക്ക് പറയാനുള്ള മറുപടി ഇതാണ്.

മൗലിദാഘോഷം മുബാഹ് (അനുവദനീയം) ആകാനും തരമില്ല. എന്തുകൊണ്ടെന്നാൽ ഇസ്‌ലാമിൽ പുതിയൊരാചാരം പടച്ചുണ്ടാക്കുന്നത് അനുവദനീയമല്ല എന്നത് മുസ്‌ലിം ഉമ്മത്തിന്റെ ഇജ്മാഅ് ആണ്. ഇനി അവശേഷിക്കുന്നത്, ഇത് മക്റൂഹാണോ (വെറുക്കപ്പെട്ട) ഹറാമാണോ(നിഷിദ്ധമാണോ) എന്ന സംഗതിയാണ്. എങ്കിൽ അതിനെ രണ്ട് നിലക്ക് വിശദീകരിക്കേണ്ടതുണ്ട്.

ഒന്ന്: ഭാര്യാ സന്താനങ്ങൾക്കും കൂട്ടുകാർക്കും ബന്ധുമിത്രാദികൾക്കുമായി സ്വന്തം പണംകൊണ്ട് ഒരാൾ ഈ ആഘോഷം സംഘടിപ്പിക്കുക. പ്രസ്തുത ഒത്തു ചേരലിൽ വെറും ഭക്ഷണം കഴിച്ചു പിരിയുക എന്നതല്ലാതെ മറ്റു കുറ്റകരമായ യാതൊന്നും നടക്കുന്നില്ല. എങ്കിൽ പോലും ഇതിനെ സംബന്ധിച്ച് നമുക്ക് പറയാനുള്ളത്; ഇത് മക്റൂഹായ (വെറുക്കപ്പെട്ട) ബിദ്അത്തും മോശമായ ഏർപ്പാടുമാകുന്നു എന്നാണ്. എന്തുകൊണ്ടെന്നാൽ, അനുസരണ നിഷ്ഠയുള്ള മുൻഗാമികളാരും ഇവ്വിധമൊരു പരിപാടി ചെയ്തിട്ടില്ല. അവരാണല്ലോ ഇസ്‌ലാമിലെ കർമ്മ ശാസ്ത്ര വിശാരദന്മാരും മാനവകുലത്തിന്റെ പണ്ഡിതരും; കാലങ്ങളുടെ വിളക്കുമാടവും ദേശങ്ങളുടെ അലങ്കാരങ്ങളുമായവർ?

രണ്ട്: പാപം കടന്നുവരുന്ന ആഘോഷം. അത്തരം ആഘോഷങ്ങൾക്കായി ചിലയാളുകൾ, മനമില്ലാമനസ്സോടെയായിരിക്കും തങ്ങളുടെ ഭാഗത്തുനിന്നും വല്ലതും നൽകുന്നത്. നിർബന്ധിതാവസ്ഥയിൽ, അന്യായമായിട്ടാണല്ലൊ തങ്ങളിത് നൽകുന്നത് എന്ന മനോവേദനയായിരിക്കും അപ്പോഴവർക്കുണ്ടാ വുക. 'തൃപ്തി

കൂടാതെ നേടുന്ന സ്വത്ത് വാളുകൊണ്ട് നേടുന്നതിന് തുല്യ മാണ്' എന്ന് പണ്ഡിതന്മാർ പറഞ്ഞു വെച്ചിട്ടുണ്ട്. മാത്രമല്ല പ്രസ്തുത ആഘോഷങ്ങളിൽ ഗാനാലാപനങ്ങളും, സംഗീതോപകരണങ്ങളും വ്യാപകമായി ഉപയോഗിക്കുന്നുണ്ടാകും. ദഫ്ഫ്മുട്ടിയും, കുമാരീ കുമാരന്മാരുമായി പുരുഷൻമാർ നൃത്തം ചവിട്ടിയും, സൗന്ദര്യ വതികളായ പെണ്ണുങ്ങൾ ആണുങ്ങളുമായി കൂടിച്ചേർന്നും, അല്ലെങ്കിൽ കാഴ്ചക്കാരായി അണിനിരന്നും പ്രസ്തുത ആഘോഷ ങ്ങളിലുണ്ടാകും. പരലോകനാളിനെ വിസ്മരിച്ചു കൊണ്ടുള്ള വിനോദങ്ങളിലും കൂത്താട്ടങ്ങളിലും ആളുകൾ നിരതമായിരിക്കും.

അതേ പ്രകാരം, ''തീർച്ചയായും നിന്റെ രക്ഷിതാവ് പതിയിരക്കുന്ന സ്ഥാനത്തുതന്നെ (സദാ നിരീക്ഷിച്ചു കൊണ്ട്) ഉണ്ട്.'' (ഫജ്ർ: 14) എന്ന ഖുർആനിക വചനത്തെ പരിഗണിക്കാതെ, സ്ത്രീകൾ സംഘം ചേർന്ന് ഉച്ചത്തിൽ പാട്ടു പാടുന്നതും, ഇസ്ലാമിനും, പതിവുരീതികൾക്കും വിരുദ്ധമായി ഖുർആനും, മറ്റു ദിക്റുകളും പാരായണം ചെയ്യുന്നതുമെല്ലാം ഇത്തരം ആഘോങ്ങളിൽ കാണാവുന്നതാണ്.

ഇത്തരം പ്രവർത്തനങ്ങൾ ഹറാമാണ് എന്ന കാര്യത്തിൽ ഒരാളും വിരുദ്ധാഭിപ്രായം പറയാനിടയില്ല. മാന്യതയുള്ള ഒരാൾ ക്കും യോജിച്ച പണിയല്ല ഇത്. മനസ്സു മരവിച്ചവർക്കും, പാപ കർമ്മങ്ങളിൽ നിരതരായവർക്കും മാത്രമേ ഈ സംഗതികൾ അനുയോജ്യമാകൂ. ഒന്നു കൂടി പറയട്ടെ; ആളുകൾ ഇത്തരം സംഗതികളെ കാണുന്നത് അവ ഇബാദത്തുകളിൽപ്പെട്ട കർമ്മ ങ്ങൾ എന്ന നിലക്കാണ്. നിഷിദ്ധമായ, വെറുക്കപ്പെട്ട കാര്യങ്ങളിൽപ്പെട്ടവയായി അവർ അവയെ കാണുന്നേയില്ല! ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ! 'ഇസ്ലാം അപരിചിതമാ യാണ് ആരംഭിച്ചത്, അത് തുടങ്ങിയതുപോലെ അപരിചിതത്വ ത്തിലേക്ക് തിരിച്ചു പോകും.'

ശൈഖ് ഖുശൈരി(റ) പാടിയതാണ് വാസ്തവം:

''പ്രയാസംനിറഞ്ഞ ഈ കാലത്ത് തിന്മകൾ
നന്മകളായിട്ടറിയപ്പെടുന്നു;
നന്മകൾ തിന്മകളായും!
ജ്ഞാനികൾ മാറ്റിനിർത്തപ്പെടുകയും
അവിവേകികൾ പദവികളിൽ കുടിയിരുത്തപ്പെടുകയുമാണ്!!
ധർമ്മനിഷ്ഠരായ പുണ്യപുരുഷൻമാരേ, ഞാനൊന്നു
പറഞ്ഞോട്ടെ:
ദീൻ വിപത്ത് നേരിടുകയാണ്,
നിങ്ങൾ, നിങ്ങളുടെ സംഭവകാലാവസ്ഥയിൽ
പരിതപിക്കാതിരിക്കുക;

‘അപരിചിതത്വ’ത്തിന്റെ ഈ കാലം നിങ്ങളുടെ മാത്രം ഊഴമാണ്!!

അബൂ അംറ് ബ്നു അലാഅ് (റ) പറഞ്ഞു: ‘‘അതിശയങ്ങളിൽ അത്ഭുതപ്പെടുന്നിടത്തോളം ജനങ്ങൾ നന്മയിൽ തന്നെയായിരിക്കും. നബി(സ്വ) ജനിച്ച ഈ മാസം അഥവാ റബീഉൽ അവ്വൽ തിരുമേനി(സ്വ) മരണപ്പെട്ട മാസം കൂടിയാണ്. ആകയാൽ ഈ മാസത്തിൽ ദുഃഖിക്കുന്നതിനേക്കാൾ യോജിച്ചതല്ല ആഹ്ലാദിക്കുന്നത്.’’

ഇത്രയുമാണ് ഇതു സംബന്ധമായി നമുക്ക് പറയാനുള്ളത്. അല്ലാഹു സ്വീകരിക്കട്ടെ എന്ന് പ്രത്യാശിക്കുകയാണ്.

(ശൈഖ് താജുദ്ദീൻ അബൂഹഫ്സ് ഉമർ ബ്ൻ അലി അൽ ഇസ്കന്തരാനി. - ഇമാം അൽ ഫാകിഹാനി എന്ന പേരിൽ അറിയപ്പെടുന്നു. ഹിജ്റ 654-ൽ ജനനം, മരണം ഹിജ്റ 731-ൽ. മാലികി മദ്ഹബിലെ കർമ്മശാസ്ത്ര വിശാരദനായിരുന്നു അദ്ദേഹം. അനവധി ഗ്രന്ഥങ്ങളുടെ കർത്താവായ അദ്ദേഹത്തിന്റെ വിശ്രുത രചനയാണ് ‘അൽ മൗരിദു ഫിൽ കലാമി അലാ അമലിൽ മൗലിദി’ എന്ന കൃതി.)

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين